# കേരളസർവകലാശാല

നം.പി.ആർ.218/2022

## പത്രക്കുറിപ്പ്

### കേരളസർവകലാശാല ഒന്നാം വർഷ ബി.എഡ് പ്രവേശനം 2022
### ജനറൽ സ്പോട്ട്, കെ.യു.സി.റ്റി.ഇ. മാനേജ്മെന്റ് ക്വാട്ട
### സ്പോട്ട് അലോട്ട്മെന്റ് ഒക്ടോബർ 20 ന് യൂണിവേഴ്സിറ്റി സെനറ്റ് ഹാൾ, പാളയം

കേരളസർവകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്, എയ്ഡഡ്, കെ.യു.സി.റ്റി.ഇ., സ്വാശ്രയ കോളേജുകൾ എന്നിവയിലേക്കുള്ള ഒന്നാം വർഷ ബി.എഡ്. കോഴ്സുകളിലെ ഒഴിവുള്ള എല്ലാ സീറ്റുകളിലേക്കും ജനറൽ സ്പോട്ട്, കെ.യു.സി.റ്റി.ഇ. മാനേജ്മെന്റ് ക്വാട്ട സ്പോട്ട് അലോട്ട്മെന്റ് ഒക്ടോബർ 20 ന് പാളയം യൂണിവേഴ്സിറ്റി സെനറ്റ്ഹാളിൽ വച്ച് നടത്തുന്നു.

രജിസ്ട്രേഷൻ സമയം രാവിലെ 8 മണി മുതൽ 10 മണി വരെ. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികളും ഓൺലൈൻ അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് സഹിതം രാവിലെ 10 മണിക്ക് മുൻപായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. പ്രസ്തുത സമയം കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. അലോട്ട്മെന്റ് സെന്ററുകളിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളൂ. ഏതെങ്കിലും കാരണത്താൽ ഹാജരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾ സാക്ഷ്യപത്രം (authorization letter) നൽകി രക്ഷകർത്താവിനെ അയക്കാവുന്നതാണ്.

നിലവിൽ കോളജിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി. വാങ്ങാൻ പാടുള്ളൂ. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുവാൻ വരുന്ന വിദ്യാർത്ഥികൾ അസ്സൽ മാർക്ക്ലിസ്റ്റുകളും യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പുകളും കൈവശം കരുതണം.

ഇ.ഡബ്ല്യൂ.എസ്. വിഭാഗക്കാർ ടി സംവരണം തെളിയിക്കുന്ന രേഖകൾ കൈവശം കരുതേണ്ടതാണ്. ഓൺലൈനിൽ അപേക്ഷ സമർപ്പിച്ച സമയത്ത് രേഖപ്പെടുത്തിയ യോഗ്യതകൾ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സ്പോട്ട് അലോട്ട്മെന്റ് സമയത്ത് സമർപ്പിക്കാൻ സാധിക്കാത്ത പക്ഷം ടി വിദ്യാർത്ഥികൾ അലോട്ട്മെന്റ് പ്രക്രിയയിൽ നിന്ന് പുറത്താകുന്നതാണ്.

### കേരളസർവകലാശാല ഒന്നാം വർഷ ബി.എഡ്. പ്രവേശനം 2022 – 23
### വിദ്യാർത്ഥികൾക്ക് പ്രൊഫൈലിൽ തിരുത്തലുകൾക്ക്
### 2022 ഒക്ടോബർ 19 പകൽ 11 മണി വരെ അവസരം

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവ./എയ്ഡഡ്/കെ.യു.സി.ടി.ഇ. സ്വാശ്രയ കോളേജുകളിലും ഒന്നാം വർഷ ബി.എഡ്. പ്രോഗ്രാമുകളിലേയ്ക്കുള്ള 2022 – 23 അദ്ധ്യയന വർഷത്തെ പ്രവേശനം പരാതിരഹിതമായ ഓൺലൈൻ രജിസ്ട്രേഷൻ ലക്ഷ്യമിടുന്നതിനാൽ വിദ്യാർത്ഥികൾ അതീവ ശ്രദ്ധയോടെയും കൃത്യതയോടെയും രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്. നിലവിൽ രജിസ്ട്രേഷൻ നടത്തിക്കഴിഞ്ഞ വിദ്യാർത്ഥികൾക്ക് പേര്, ജനനതീയതി, അക്കാഡമിക് വിവരങ്ങൾ, കോളേജുകളുടേയും കോഴ്സുകളുടേയും ഓപ്ഷനുകൾ തുടങ്ങിയ തിരുത്തലുകൾക്കുള്ള ലിങ്ക് അവരവരുടെ പ്രൊഫൈലിൽ ലഭ്യമാക്കിയിട്ടുണ്ട്. പ്രൊഫൈലിൽ തിരുത്തലുകൾക്ക് 2022 ഒക്ടോബർ 19, പകൽ 11 മണി വരെയാണ് അവസരം. വിശദവിവരങ്ങൾ അഡ്മിഷൻ വെബ്സൈറ്റിൽ (https://admissions.keralauniversity.ac.in)

## പരീക്ഷാഫലം

കേരളസർവകലാശാല 2022 മാർച്ചിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്‌സി. മാത്തമാറ്റിക്സ് പരീക്ഷയുടെ ഫലം പുനഃപ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ഒക്ടോബർ 25 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 ആഗസ്റ്റിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.വോക്. ഫുഡ് പ്രോസസിംഗ് ആന്റ് മാനേജ്മെന്റ് (356) (റെഗുലർ – 2020 അഡ്മിഷൻ) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 31 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ

കേരളസർവകലാശാലയുടെ കമ്പൈൻഡ് ഒന്ന്, രണ്ട് ബി.ടെക്. സപ്ലിമെന്ററി, മെയ് 2022 (2013 സ്കീം) പ്രാക്ടിക്കൽ പരീക്ഷ "ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് വർക്ക്ഷോപ്പ്" - 13111 (എല്ലാ ബ്രാഞ്ചുകളും) 2022 ഒക്ടോബർ 27 ന് കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

കേരളസർവകലാശാലയുടെ ആറാം സെമസ്റ്റർ എം.സി.എ. റെഗുലർ & സപ്ലിമെന്ററി (2015 സ്കീം) പരീക്ഷയുടെ രജിസ്ട്രേഷൻ 2022 ഒക്ടോബർ 19 ന് ആരംഭിക്കുന്നതാണ്. പിഴകൂടാതെ ഒക്ടോബർ 27 വരെയും 150 രൂപ പിഴയോടെ ഒക്ടോബർ 31 വരെയും 400 രൂപ പിഴയോടെ നവംബർ 2 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രോജക്ട് – വൈവ റിപ്പോർട്ട് സമർപ്പണം

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ എം.ബി.എ. റെഗുലർ & സപ്ലിമെന്ററി, സെപ്റ്റംബർ 2022 പരീക്ഷയുടെ പ്രോജക്ട് – വൈവ റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2022 ഡിസംബർ 16 ൽ നിന്നും 2022 നവംബർ 10 ലേക്ക് മാറ്റിയിരിക്കുന്നു.

## വാക്-ഇൻ-ഇന്റർവ്യൂ മാറ്റി

കേരളസർവകലാശാല കമ്പ്യൂട്ടർ സെന്ററിലേക്ക് കരാറടിസ്ഥാനത്തിൽ പ്രോഗ്രാമർമാരെ നിയമിക്കുന്നതിനായി 2022 ഒക്ടോബർ 18 (ചൊവ്വാഴ്ച), നടത്താൻ നിശ്ചയിച്ചിരുന്ന വാക്-ഇൻ-ഇന്റർവ്യൂ മാറ്റിവച്ചിരിക്കുന്നു.

തിരുവനന്തപുരം,
17.10.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**